"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന വ്യക്തികൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്ന പാരിതോഷിക തുകയുടെ പരിധി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1455/2025/LSGD തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:-
1. സ.ഉ (സാധാ)നം. 1200/2023/ത.സ്വ.ഭ.വ തിയതി, 09/06/2023
2. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016
3. കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ്, 2024
4 കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ്, 2024

**ഉത്തരവ്**

പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന വ്യക്തികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാരിതോഷികം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച്, പിഴ ചുമത്തുന്നതിന് കാരണമാകുന്ന കുറ്റകൃത്യങ്ങൾക്ക് നിയമ ലംഘകരിൽ നിന്ന് ഈടാക്കുന്ന പിഴത്തുകയുടെ 25% അല്ലെങ്കിൽ പരമാവധി 2500/- രൂപ, ടി കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന വ്യക്തികൾക്ക് നൽകുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ ഭരണ സമിതികൾക്ക് പൊതു തീരുമാനം എടുക്കാവുന്നതും ആയതുപ്രകാരം തദ്ദേശ സ്ഥാപന സെക്രട്ടറിക്ക് കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നവർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി പാരിതോഷികം നൽകാവുന്നതുമാണ് എന്ന് ഉത്തരവായിരുന്നു.

പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട കുറ്റങ്ങൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ് എന്ന് സർക്കാർ വിലയിരുത്തുന്നു. ഈ ഉദ്ദേശ്യലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരത്തിനായി, പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന വ്യക്തികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പാരിതോഷിക തുക, നിലവിലെ പരിധി ഒഴിവാക്കി, ചുമത്തുന്ന പിഴതുകയുടെ നാലിലൊന്ന് ഭാഗമായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.ഈ ഉത്തരവിന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കോ ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി -2
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യൂ.എം.പി
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ, KILA
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 13-06-2025 06:20:00
സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ- ക്ക്